GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 - 2318186, 2317314

Editor Farm News – Dr. Amritha V.S

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/09/2026

1. റബ്ബർബോർഡിൻറെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ മരുന്നുതളിക്കുന്നതിനുള്ള ആധുനികമാർഗങ്ങൾ, അതിനുപയോഗിക്കുന്ന സ്പ്രേയറുകളുടെയും ഡ്രോണുകളുടെയും ഉപയോഗം, പരിപാലനം എന്നിവയെക്കുറിച്ച് സെപ്റ്റംബർ 28-ന് പരിശീലനം നൽകുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 6238092175, 0481-2353127 എന്നീ ഫോൺനമ്പറുകളിൽ ബന്ധപ്പെടുകയോ റബ്ബർബോർഡ് വെബ് സൈറ്റായ www.rubberboard.gov.in സന്ദർശിക്കുകയോ ചെയ്യുക.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ്ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ **'പഴം - പച്ചക്കറി സംസ്കരണം'** എന്ന വിഷയത്തിൽ **സെപ്റ്റംബർ 29 ന്** ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. വിവിധ പഴം-പച്ചക്കറികളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം (Jam, squash, RTS, Pickle), വിവിധ പാക്കേജിങ്- സംസ്കരണ യന്ത്രങ്ങൾ, FSSAI മാനദണ്ഡങ്ങൾ, തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ഉണ്ടായിരിക്കും. ഫീസ്: 1000 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതായിരിക്കും. താല്പര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ (രാവിലെ 9 മുതൽ വൈകിട്ട് 4 വരെ) 8089076698 എന്ന നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. PM-RKVY 2026-27-ന്റെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നടപ്പാക്കുന്ന Sub-Mission on Agricultural Mechanization (SMAM) പദ്ധതിയിൽ കാർഷിക യന്ത്രങ്ങൾക്കായി അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള രണ്ടാം ലോട്ടറി നടപടികൾ സെപ്റ്റംബർ 22 മുതൽ ആരംഭിക്കും. 22.09.2026 മുതൽ 15.10.2026 വൈകിട്ട് 5 മണി വരെയാണ് കാലയളവ്. ലോട്ടറി

നറുക്കെടുപ്പ് 16.10.2026 രാവിലെ 10.30 ന്. അർഹരായ അപേക്ഷകർ DBT (https://agrimachinery.nic.in) മുഖേന ലഭിക്കുന്ന അപേക്ഷാ Agri-Machinery നിർദ്ദേശങ്ങൾ അനുസരിച്ച് നടപടികൾ പൂർത്തിയാക്കണം. അംഗീകരിച്ച ലക്ഷ്യത്തേക്കാൾ അർഹരായ അപേക്ഷകരുടെ എണ്ണം കൂടുതലുള്ള സാഹചര്യത്തിൽ ഓൺലൈൻ ലോട്ടറി സംവിധാനത്തിലൂടെയാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 0477-2266084, 0495-2725354, 0471-2306748 എന്നീ ഫോൺ നമ്പരുകളിലോ smamkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

4. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ 7 പശുക്കളെ സെപ്റ്റംബർ 25 ന് പകൽ 11 മണിക്ക് ഫാം പരിസരത്ത് വെച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ തിരിച്ചറിയൽ രേഖയുടെ പകർപ്പ് സഹിതം ലേല സമയത്തിനു മുൻപായി ടി പശുവിന് 10000/- രൂപ നിരതദ്രവ്യമായി ആഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സർക്കാർ ലേലങ്ങൾക്കുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 0471 -2732962 എന്ന ഫാം ഓഫീസ് നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗത്തിൽ സെപ്റ്റംബർ 24, 25 തീയതികളിൽ **'ഇറച്ചിക്കോഴി വളർത്തൽ'** എന്ന വിഷയത്തിൽ കർഷകർക്കായി രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ള കർഷകർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗവുമായി നേരിട്ടോ അല്ലാതെയോ മുൻകൂർ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0479- 2452277, 0479 2457778, 7736336528 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.